Email : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : **0471-2331513, 0471-2331136**

നം. സി.ബി(1)49895/2012 സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 17.01.2013

**സർക്കുലർ നമ്പർ 6 /2013**

വിഷയം:- സഹകരണ വകുപ്പ് - നെല്ല് സംഭരണ പദ്ധതി-കർഷകർക്ക് ഹ്യസ്വകാല വായ്പ നൽകുന്നത്- സംബന്ധിച്ച്.

സൂചന:- 1) സംസ്ഥാന സഹകരണ ബാങ്ക് ചീഫ് ജനറൽ മാനേജരുടെ 8.10.2012 ലെ RFD/306/STAG.KSCSC/2944/2012-13 നമ്പർ കത്ത്

സംസ്ഥാന സർക്കാരിന്റെ നെല്ല് സംഭരണ പദ്ധതി പ്രകാരം, സംസ്ഥാനത്തെ കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനായി കർഷകർക്ക് ഹ്യസ്വകാല വായ്പ നൽകുന്ന പദ്ധതിക്ക് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും, സംസ്ഥാന സഹകരണ ബാങ്കുമായി ധാരണ പത്രത്തിൽ ഒപ്പിട്ട് ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷനും അതുവഴി കർഷകർക്കും സംഭരണ വില യഥാസമയം ലഭിക്കാത്തതു കാരണം അനുഭവിക്കേണ്ടി വരുന്ന ദുരിതം ഒഴിവാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത് സപ്ലൈകോ നൽകുന്ന നെല്ല് സംഭരണ പട്ടിക (Paddy Receipt sheet-PRS) യുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി പ്രകാരം കർഷകന് ഹ്യസ്വകാല വായ്പ നൽകുന്നത്.

ഈ പദ്ധതി നടപ്പിലാക്കുവാൻ ബാങ്ക് എക്സിക്യൂട്ടീവ് സപ്ലൈകോ ചീഫ് മാനേജിംഗ് ഡയറക്ടർ, ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർമാർ എന്നിവരടങ്ങിയ യോഗം അംഗീകരിച്ചതിനെ തുടർന്ന് ടി പദ്ധതി നടപ്പിലാക്കുവാൻ അനുവാദം നൽകി ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഫണ്ട് ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കുകളും തുല്യമായി വഹിക്കുന്നതാണ്. (50:50 അനുപാതത്തിൽ)
2. സപ്ലൈകോ നൽകുന്ന നെല്ല് സംഭരണ പട്ടിക (PRS) യുടെ തുകയുടെ 80% വരെയുള്ള തുക വായ്പയായി നൽകാവുന്നതും ബാക്കി തുക സപ്ലൈകോ വഹിക്കുന്നതുമാണ്.
3. വായ്പയുടെ പലിശയും,മുതലും,യഥാസമയം സപ്ലൈകോ നൽകേണ്ടതാണ്.മുതൽ തുക 6 മാസം കഴിഞ്ഞാലുടൻ മടക്കി നൽകേണ്ടതാണ്. പലിശ നിരക്ക് 7% ആയിരിക്കും.
4. നെല്ല് സംഭരണ പട്ടിക (PRS) പ്രകാരമുള്ള തുകയുടെ അടിസ്ഥാനത്തിലുള്ള വായ്പയ്ക്ക് 7% പലിശ കണക്കാക്കേണ്ടതും, സപ്ലൈകോ 9% നിരക്കിൽ ബാങ്കിന് മടക്കി അടക്കേണ്ടതുമാണ്. ഇതിൽ 2% പ്രോസസിംഗ് ഫീസ്/മാനേജ്മെന്റ് ചാർജ്ജ് ഉൾപ്പെടുന്നതാണ്. വായ്പ അടക്കുന്നതിൽ മുടക്കം വന്നാൽ 2 % പിഴ പലിശ ഈടാക്കാവുന്നതാണ്.
5. ഈ പദ്ധതി പ്രകാരം കർഷകർക്ക് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾ വായ്പ നൽകുമ്പോൾ , സപ്ലൈകോയിൽ നിന്നും ലഭിക്കുന്ന പ്രോസസിംഗ് ഫീ/മാനേജ്മെന്റ് ചാർജ്ജ് ന്റെ 50% അനുപാതത്തിൽ കണക്കിലെടുക്കാവുന്നതാണ്.
6. ഓരോ തവണയും നൽകുന്ന വായ്പയുടെയുംവായ്പക്കണക്ക് 6 മാസം കഴിഞ്ഞാലുടൻ , സപ്ലൈകോ അവസാനിപ്പിക്കേണ്ടതാണ്.
7. തുടക്കമെന്ന നിലയിൽ ആലപ്പുഴ,കോട്ടയം,പാലക്കാട്,തൃശ്ശൂർ ജില്ലകളിലാണ് ആദ്യമായി ഈ പദ്ധതി നടപ്പിലാകുന്നത്.

8. വ്യക്തിഗതവായ്പാ പട്ടിക (സംഘതലത്തിലും, ജില്ലാ തലത്തിലും) സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും സപ്ലൈകോ നൽകേണ്ടതാണ്.ടി പട്ടിക ലഭിക്കുന്ന മുറക്ക് ജില്ലാ സഹകരണ ബാങ്കുകൾ സംഘം തലത്തിൽ ക്രഡിറ്റ് ലിമിറ്റ് നിശ്ചയിക്കേണ്ടതാണ്. ജില്ലാ സഹകരണ ബാങ്കുകൾ, നെല്ല് സംഭരണ പട്ടിക (PRS) യുടെ ഒരു പകർപ്പ് ബാങ്കിൽ സൂക്ഷിച്ച ശേഷം അസ്സൽ പട്ടിക ബന്ധപ്പെട്ട PACS ന് നൽകി വായ്പ തുക കർഷകന്റെ പേരിലുള്ള വായ്പക്കണക്കിൽ വരവു വയ്ക്കേണ്ടതാണ്.

ഈ തുക ഒരു കാരണ വശാലും കർഷകന്റെ മറ്റേതൊരു വായ്പക്കണക്കിലും വരവു വയ്ക്കാൻ പടുള്ളതല്ല. PACS ഈ യിനത്തിൽ അനുവദിക്കുന്ന തുക കർഷകൻ പിൻവലിക്കുവാൻ അപേക്ഷിക്കുന്ന മുറക്ക് ജില്ലാ സഹകരണ ബാങ്കുകൾ പുനർ വായ്പയായി നൽകേണ്ടതാണ്. PACS നൽകുന്ന തുകയുടെ 50% തുക സംസ്ഥാന സഹകരണ ബാങ്ക് പുനർ വായ്പയായി ജില്ലാ സഹകരണ ബാങ്കുകൾക്ക് നൽകേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് അതാത് ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്
വി. സനൽ കുമാർ ഐ.എ.എസ്
**സഹകരണസംഘം രജിസ്ട്രാർ**